പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5540 02.11. 2016 ൽ മറുപടിക്ക്

## ലാഭപ്രഭ, നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ

ചോദ്യം

ശ്രീ.എ.പി.അനിൽകുമാർ

" വി.പി.സജീന്ദ്രൻ

" വി.എസ്.ശിവകുമാർ

ശ്രീ.എൽദോസ് കുന്നപ്പിള്ളി

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)സംസ്ഥാനത്ത് ലാഭപ്രഭ, നോ ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ എന്നിവയിലൂടെ മുൻസർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജ രംഗത്ത് നടത്തിയതെന്ന് വിശദമാക്കുമോ; | (എ) പൊതുജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം എന്ന ലക്ഷ്യത്തോടെ 2013 മാർച്ചിൽ തുടക്കമിട്ട ഊർജ്ജസംരക്ഷണ പ്രചാരണ പരിപാടികളാണ് ലാഭപ്രഭയും, നോ ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിനും.<br><br>2013 മാർച്ച് 23 – ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ-1 പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 1,39,101 പേർക്ക് സി.എഫ്.എൽ സൗജന്യമായി നൽകിയിട്ടുണ്ട്, നോ ലോഡ്ഷെഡ്ഡിംഗ് ക്യാമ്പയിൻ പീരിയിഡിൽ ഉദ്ദേശം 23,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 27,385 പേർ തങ്ങളുടെ ഉപഭോഗത്തിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാത് സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു.<br><br>സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ - 2 പദ്ധതിയുടെ സവിശേഷത. പരമാവധി സ്കൂൾ കുട്ടികളെ പങ്കെടുപ്പിക്കുകയും അതുവഴി ഗണ്യമായ ഊർജ്ജലാഭം വരുത്തിയ 8 സ്കൂളുകളിൽ 5 കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് നൽകുന്നതിനും നടപടികൾ ആരംഭിച്ചു. |

| | |
|---|---|
| (ബി)ഈ പദ്ധതിയനുസരിച്ച് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(സി)ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) സംസ്ഥാനത്ത് ലാഭപ്രഭ പദ്ധതിയുടെ മൂന്നാംഘട്ടമായി 9 W ന്റെ 2 LED ബൾബുകൾ വീതം എല്ലാ ഉപഭോക്താക്കളിലും എത്തിക്കുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 1.5 കോടി ബൾബുകളാണ് വിതരണം ചെയ്യാൻ ലക്ഷ്യമിടുന്നത്. ഇതിൽ 72.8 ലക്ഷം LED ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള ബൾബുകൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ വിതരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>ലാഭപ്രഭ രണ്ടാം ഘട്ടത്തിൽ വിജയികളായ വിവിധ ജില്ലകളിലെ 8 സ്കൂളുകളിൽ 5 KW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ